കവിത 12

<u>വിത്തോട്ടം</u>

എന്റെ തൊണ്ടക്കുഴിയിൽ

ഗർഭഗേഹത്തിൽ നിന്നേ

പുറപ്പെട്ടുവന്ന വേദന.

വിത്ത്.

ഒച്ചനാളിയിൽ വേരൂന്നി

തലച്ചോറിൽ പൂത്ത്

കണ്ണിൽ തിളങ്ങുന്ന

സ്വപ്നം.

ഉച്ചിയിൽ ധൈര്യവും

ഒച്ചയിൽ ദീനവും

കാതിൽ

'ഏഴുവർണ്ണങ്ങളുടെ ഏണി'

ചേന്നൻ മാഷിന്റെ കവിത.

മുടി രണ്ടായി മെടഞ്ഞ

മെല്ലിച്ച

അഴഞ്ഞ ഉടുപ്പുകളുള്ള

കണ്ണിലുപ്പുള്ള കുഞ്ഞ്.

മനോരാജ്യവും

മതിഭ്രമവും സ്വത്ത്.

നന്നേ നീലിച്ച കിടക്കവിരിയിൽ

വെളുത്ത മേഘങ്ങൾ

സൂര്യൻ, ചന്ദ്രൻ

നക്ഷത്രങ്ങൾ, വിമാനം

ആകാശം.

സ്വപ്നം.

ചുമരിൽ അബ്ദുൽ

കലാമിന്റെ ചിത്രം.

കോർത്തു പിടിച്ച വിരലുകൾ.

• • • • • • • • • • •

നോട്ടവട്ടങ്ങളിലൊക്കെയും

ഭൂതകാലം.

ടെലസ്കോപ്പ്.

മോഹം.

ചിറകുകൾ വിടർത്തും തോറും

തമ്മാമിൽ ഒട്ടിപ്പോകുന്ന

വേദന.

ഓരോ പറക്കലുക്കിലും വേദന.

ഒടുവിൽ

ചങ്ങമ്പുഴ കവിതപോലെ

മുരളീമൃദുരവം*.

സ്വപ്നം.

*മനസ്വിനിയിലെ വരികളുടെ സൂചന

***– അഫീഫ ഷെറിൻ കെ. കെ***